# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 902 | 01/03/2017 -ൽ മറുപടിക്ക്

## ചൊവ്വര ശുദ്ധജല പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്.ശർമ്മ | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പമന്ത്രി) |
| (എ) ഏതൊക്കെ മേഖലയിലെ ജനങ്ങൾക്ക് ശുദ്ധജലം വിതരണം ചെയ്യുക എന്ന ഉദ്ദേശത്തോടെയാണ് ചൊവ്വര ശുദ്ധജല പദ്ധതി വിഭാവനം ചെയ്തു നടപ്പാക്കിയതെന്ന് വിശദമാക്കാമോ; | (എ) 13 എം.എൽ.ഡി സ്ഥാപിത ശേഷിയുള്ള ചൊവ്വര ശുദ്ധജല പദ്ധതി (പഴയത്) ചെങ്ങമനാട്, നെടുമ്പാശ്ശേരി, ശ്രീമൂലനഗരം, കാഞ്ഞൂർ, പാറക്കടവ്, കുന്നുകര എന്നീ പഞ്ചായത്തുകളിലെയും പറവൂറിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള 63 എം.എൽ.ഡി സ്ഥാപിത ശേഷിയുള്ള ശുദ്ധജല പദ്ധതി (പുതിയത്) പറവൂർ, ചേന്ദമംഗലം, കോട്ടുവള്ളി, ഏഴിക്കര, വടക്കേക്കര, ചിറ്റാട്ടുകര, എടവനക്കാട്, നായരമ്പലം, പള്ളിപ്പുറം, കുഴിപ്പിള്ളി എന്നീ പഞ്ചായത്തുകളിലെയും ജനങ്ങൾക്ക് ശുദ്ധജലം വിതരണം ചെയ്യുക എന്ന ഉദ്ദേശത്തോടെയാണ് വിഭാവനം ചെയ്ത് നടപ്പാക്കിയത്. |
| (ബി) നാളിതുവരെ പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ആവശ്യാനുസരണം ശുദ്ധജലം വിതരണം ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും വ്യക്തമാക്കുമോ; | (ബി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് നിലവിൽ ആവശ്യാനുസരണം ശുദ്ധജലം വിതരണം ചെയ്യുന്നുണ്ട്. |
| (സി) പ്രസ്തുത പദ്ധതി പ്രകാരം 2011 മുതൽ 2016 വരെയുള്ള കാലയളവിൽ വൈപ്പിൻ മേഖലയിൽ പ്രതിവർഷം വിതരണം ചെയ്യുന്ന ശുദ്ധജലത്തിന്റെ ശരാശരിക്കണക്ക് നൽകാമോ; | (സി) പ്രസ്തുത പദ്ധതി പ്രകാരം വൈപ്പിൻ മേഖലയിലേക്ക് 2011-14 കാലയളവിൽ പ്രതിവർഷം 4380 ദശലക്ഷം ലിറ്റർ ശുദ്ധജലവും 2014 മുതൽ പ്രതിവർഷം 7300 ദശലക്ഷം ലിറ്റർ ശുദ്ധജലവും വിതരണം ചെയ്തുവരുന്നു. |

| | |
|---|---|
| (ഡി) 2011 മുതൽ 2016 വരെയുള്ള കാലയളവിൽ വൈപ്പിൻ മേഖലയിൽ ആവശ്യമായി വരുന്ന ശുദ്ധജലം എത്രയെന്നാണ് ജല അതോറിറ്റി കണക്കാക്കിയിരിക്കുന്നതെന്നും വ്യക്തമാക്കുമോ? | (ഡി) 2011 മുതൽ 2016 വരെയുള്ള കാലയളവിൽ വൈപ്പിൻ മേഖലയിൽ പ്രതിവർഷം 9855 ദശലക്ഷം ലിറ്റർ ശുദ്ധജലത്തിന്റെ ആവശ്യമാണ് കണക്കാക്കിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ